**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 842** **14-01-2021 - ൽ മറുപടിയ്ക്ക്**

**വനാവകാശരേഖ നൽകിയിട്ടുള്ള ഭൂമിയിലെ കൃഷി ഉദ്യോഗസ്ഥർ വെട്ടിനശിപ്പിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ദേവികുളം നിയോജകമണ്ഡലത്തിലെ തുമ്പിപ്പാറ, കട്ടമുടി, ചാറ്റുപാറ, കൊരങ്ങാട്ടി പ്രദേശങ്ങളിലെ ആദിവാസികൾക്ക് വനാവകാശരേഖ നൽകിയിട്ടുള്ള ഭൂമിയിലെ ഏലം കൃഷി വനം വകുപ്പ് ഉദ്യോഗസ്ഥർ വെട്ടിനശിപ്പിച്ച സംഭവത്തിൽ, വൻകിടമുതലാളിമാരാണ് വനഭൂമി കൈവശം വച്ചിരിക്കുന്നത് എന്ന ദേവികുളം ഡി.എഫ്.ഒ.യുടെ പത്രമാധ്യമങ്ങളിലൂടെയുള്ള പ്രതികരണത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | അടിമാലി ഫോറസ്റ്റ് റെയിഞ്ചിന് കീഴിൽ വരുന്ന ഭാഗങ്ങളിൽ വനാവകാശ രേഖ ലഭിച്ചിട്ടുള്ള സ്ഥലങ്ങളിലെ ഏലകൃഷി വനം വകുപ്പ് ഉദ്യോഗസ്ഥർ വെട്ടിനശിപ്പിച്ചിട്ടില്ല. 2020 ൽ അടിമാലി ഫോറസ്റ്റ് റെയിഞ്ചിൽ മച്ചിപ്ലാവ് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ, താഴെ പറയുന്ന സ്ഥലങ്ങളിൽ നോട്ടിഫൈഡ് മലയാറ്റൂർ റിസർവ്വ് വനത്തിൽ നിയമവിരുദ്ധമായി പ്രവേശിച്ച് അടിക്കാടുകൾ വെട്ടിത്തെളിച്ച് ഏലം കൃഷി ചെയ്തതി ഒഴിപ്പിച്ച് ടി സ്ഥലങ്ങളെല്ലാം സർക്കാർ റിസർവ്വിലേയ്ക്ക് കൂട്ടി ചേർത്തിട്ടുള്ളതാണ്. ടി കയ്യേറ്റങ്ങളിൽ വൻകിട കൈയ്യേറ്റമായ പ്ലാമല ഭാഗത്ത് സർക്കാർ റിസർവ്വിൽ ശ്രീ.വി.വി.ജോർജ്ജ്, വാലേത്ത് വീട്, കരടിപ്പാറ എന്നയാളുടെ കൈവശത്തിലുള്ള ഉദ്ദേശം 45 ഏക്കർ സ്ഥലത്ത് നിന്നും ഇപ്പോൾ 6 ഹെക്ടർ കയ്യേറ്റം, ഒഴിപ്പിച്ചിട്ടുണ്ട് കൂടാതെ, ഔദ്യോഗിക കൃത്യനിർവ്വഹണം, തടസ്സപ്പെടുത്തിയതിന് ടിയാനെതിരെ അടിമാലി പോലീസ് സ്റ്റേഷനിൽ 16 1429/2020 നമ്പരായി 18/12/2020 തീയതിയിൽ കേസ് ബുക്ക് ചെയ്തിട്ടുണ്ട്. 10.04.2017-ന് പ്ലാമല-കുടകല്ല് റോഡിന് ഇടതുവശത്തായി ശ്രീ.വി.വി. ജോർജ്ജ് മണ്ണുമാന്തി യന്ത്രം ഉപയോഗിച്ച് അടിക്കാടുകൾ വെട്ടിത്തെളിക്കുകയും മണ്ണിളക്കുകയും, റോഡ് നിർമ്മിക്കുകയും ചെയ്തു. എന്നാൽ, ഇത് മലയാറ്റൂർ റിസർവ്വിന്റെ ഭാഗമാണ്. ആയതിന് മച്ചിപ്ലാവ് ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ 01/2017 തീയതി 10.04.2017 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ഇതേ തുടർന്ന് ശ്രീ.വി.വി. ജോർജ്ജും മറ്റുള്ളവരും ബഹു. ഹൈക്കോടതി മുമ്പാകെ ഒ.ആർ-01/2017 നമ്പർ കേസിലെ തുടർ നടപടികൾ അവസാനിപ്പിക്കുക എന്ന ആവശ്യവുമായി Crl. MC 3672/2017 നമ്പരായി പെറ്റിഷൻ ഫയൽ ചെയ്തു. എന്നാൽ, തെറ്റായ |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ കാണിച്ച് സർക്കാർ ഭൂമി കൈവശപ്പെടുത്തുവാൻ ശ്രമിക്കുന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി കേസ് ബഹു. ഹൈക്കോടതി 07.06.2017 തീയതി ടിസ്മിസ് ചെയ്തു. തുടർന്ന്, ഒ.ആർ-01/2017 നമ്പർ കേസിൽ ഉൾപ്പെട്ട സ്ഥലത്ത് കൃഷിചെയ്യുവാൻ അനുവദിക്കണമെന്നും കൃഷി ചെയ്യുമ്പോൾ വനം ഉദ്യോഗസ്ഥർ തടസ്സപ്പെടുത്തരുതെന്ന ആവശ്യവുമായി ബഹു. കോടതിയിൽ ഡബ്ല്യൂപി (സി) -19781/2017 നമ്പരായി കേസ് ഫയൽ ചെയ്തു. എന്നാൽ, ജോർജ്ജും മറ്റുള്ളവരും മന്നാംകണ്ടം വില്ലേജിൽ ഉൾപ്പെടുന്ന മലയാറ്റൂർ റിസർവ്വിൽ പ്രവേശിക്കരുതെന്നും 16.06.2017-ൽ തീയതി വിധിയുണ്ടായി. ടി കേസ് ബഹു. കോടതി തീർപ്പാക്കുകയും ചെയ്തു. തുടർന്ന്, ടി ഭൂമി കൃഷി ചെയ്യാൻ നൽകണമെന്ന ആവശ്യവുമായി ഡബ്ല്യൂപി (സി) -24117/2020 നമ്പരായി വീണ്ടും ബഹു. കോടതിയിൽ കേസ് ഫയൽ ചെയ്തു. ടി കേസിന്റെ കാര്യവിവരണ പത്രിക സമർപ്പിച്ചതിന്റെയും ഗവ. പ്ലീഡർ ടി 45 ഏക്കർ ഭൂമി മലയാറ്റൂർ റിസർവ്വിലുള്ള കൈയ്യേറ്റമാണെന്ന് സമർത്ഥിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി ഭൂമിയിൽ കൃഷി ചെയ്യുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുകയും കൂടാതെ, ടി ഭൂമിയുടെ സമീപത്തുള്ള മന്നാംകണ്ടം വില്ലേജിൽ ഉൾപ്പെടുന്ന മലയാറ്റൂർ റിസർവ്വിൽ പ്രവേശിക്കരുതെന്ന് നിർദ്ദേശം നൽകി കേസ് 10.11. 2020 തീയതി തീർപ്പാക്കിയിട്ടുള്ളതാണ്. |
| (ബി) | ദേവികുളം ഡി.എഫ്.ഒ.യുടെ പ്രതികരണത്തിൽ പറയുന്ന കൈയ്യേറ്റങ്ങൾ ഏതൊക്കെയാണെന്നും അവ തിരിച്ച് പിടിക്കുന്നതിന് ദേവികുളം ഡി.എഫ്.ഒ. സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ബി) | ദേവികുളം ഡി.എഫ്.ഒ.യുടെ പ്രതികരണത്തിൽ പറയുന്ന കൈയ്യേറ്റങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. വനഭൂമിയിൽ ഏലം സ്വഭാവികമായി വളരുന്നതിന് സാധ്യതയുള്ളതിനാൽ വനഭൂമി കയ്യേറി ഏലം കൃഷി ചെയ്യുന്നത് കണ്ടെത്തുവാനുള്ള പരിശോധനകൾ പുരോഗമിക്കുന്നുണ്ട്. കൂടാതെ, കരങ്ങാട്ടി പ്രദേശത്ത് കയ്യേറ്റം ഒഴിപ്പിക്കലിനെതിരെ കേസ് നടത്തിയിരുന്നവരുടെ ഒ.എസ്-06/11 -15 ഏക്കർ, ഒ.എസ്-07/11-20 ഏക്കർ, ഒ.എസ്-08/11 -20 ഏക്കർ, ഒ.എസ്-09/11-15 ഏക്കർ, ഒ.എസ്-165/10-10 ഏക്കർ എന്നീ കേസുകൾ വനം വകുപ്പിന് അനുകൂലമായതിന്റെ വെളിച്ചത്തിൽ 13.11.2020 ൽ കയ്യേറ്റം ഒഴിപ്പിക്കാൻ ശ്രമിച്ചെങ്കിലും കയ്യേറ്റക്കാർ സംഘടിതമായി തടയുകയാണുണ്ടായത്. കൂടുതൽ പരിശോധന വഴിയേ എല്ലാ കയ്യേറ്റങ്ങളും തിട്ടപ്പെടുത്താനാവു. |
| (സി) | പ്രസ്തുത കൈയ്യേറ്റങ്ങളെപ്പറ്റി ദേവികുളം | (സി) | പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി |

| | | | |
|---|---|---|---|
| | ഡി.എഫ്.ഒ.യോ വനംവകുപ്പോ നടപടികൾക്കായി സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വനം വകുപ്പിന്റെ ഭൂമി കൈയ്യേറാൻ അനുവദിച്ച ദേവികുളം ഡി.എഫ്.ഒ.യ്ക്കെതിരെ എന്ത് നടപടിയാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | പരിശോധന നടത്തുകയും ആയത് നിയമവിരുദ്ധം ആയതിനെ തുടർന്നുള്ള നടപടികളുമാണ് നടത്തിയിട്ടുള്ളത്. കയ്യേറ്റം ഒഴിപ്പിക്കേണ്ടത് വനം ഉദ്യോഗസ്ഥരുടെ ചുമതലയാണ്. ഇക്കാര്യത്തിൽ ആവശ്യമായ സഹകരണങ്ങൾക്കായി ജില്ലാ കളക്ടർ, പോലീസ് സൂപ്രണ്ട് എന്നിവരെ അറിയിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒഴിപ്പിക്കലിനെ കയ്യേറ്റക്കാർ സംഘടിതരായി തടസ്സപ്പെടുത്തുകയും വനം ഉദ്യോഗസ്ഥർക്ക് ഭീഷണി ഉണ്ടാവുകയും ചെയ്തതിനാൽ ഒഴിപ്പിക്കൽ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. എങ്കിലും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 40 ഏക്കർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ഒ.ആർ. നം. | പ്രതികളുടെ വിവരം | ഹെക്ടർ | സ്ഥലം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| അടിമാലി റെയിഞ്ച് | | | | | |
| 1. | 01/16 | 1) ജോൺസൺ S/o തങ്കപ്പൻ, ചെറുമാന്തിയിൽ, മച്ചിപ്ലാവ്<br>2) ഷാജി മാത്യു S/o മാത്യു, വലിയ കാഞ്ഞിരം വീട്, മച്ചിപ്ലാവ്<br>3) വർക്കി S/o ഇത്താപ്പിരി, മുക്കുവനാട്ട് വീട് മച്ചിപ്ലാവ്<br>4) അവറാച്ചൻ S/o ഇത്താപ്പി രി, മുക്കുവനാട്ട്, മച്ചിപ്ലാവ്<br>5) അബ്രഹാം S/o ഇത്താപ്പിരി, മുക്കുവനാട്ട് വീട് മച്ചിപ്ലാവ് | 0.15 | മച്ചിപ്ലാവ് സെറ്റിൽമെന്റ് റോഡ് | അന്വേഷണം പൂർത്തിയായി |

| | | | | | |
|---|---|---|---|---|---|
| | | 6) ഷാജി S/o കുര്യാക്കോസ്, കോലഞ്ചേരി, മച്ചിപ്ലാവ്<br>7) സുബിൻ വർഗ്ഗീസ് S/o വർഗ്ഗീസ് വേലമ്മാവുടിയിൽ മച്ചിപ്ലാവ് | | | |
| 2. | 04/16 | 1) സാബു S/o മത്തായി, മാറാച്ചേരി വീട് മച്ചിപ്ലാവ്<br>2) ഷാജി S/o മത്തായി മാറാച്ചേരി വീട് മച്ചിപ്ലാവ് | 0.0148 | ആലംപാറ | അന്വേഷണം പൂർത്തിയായി |
| 3. | 01/17 | വി.വി.ജോർജ്ജ് S/o വർക്കി വാലത്ത് വീട് കരടിപ്പാറ, കല്ലാർ | 2 | പ്ലാമല | തുടരന്വേഷണം നടക്കുന്നു. |
| 4. | 02/17 | 1) ജോർജ്ജ് S/o തോമസ്, കെല്ലിമത്ത്, തലമാലി<br>2) കണ്ണപ്പൻ S/o രാമൻ, നെല്ലിപ്പാറകുടി, കുരങ്ങാട്ടി<br>3) സന്തോഷ് S/o ഏലിയാസ്, കൊച്ചുപുത്തൻപുര ഇരുന്നൂറേക്കർ | 0.3035 | കുരങ്ങാട്ടി സെറ്റിൽമെന്റ് | ചാർജ്ജ് ചെയ്തു. CC97/19 |
| 5. | 06/17 | സന്തോഷ് S/o ഏലിയാസ്, കൊച്ചുപുത്തൻപുര വീട് ഇരുന്നൂറേക്കർ | 0.3035 | കുരങ്ങാട്ടി സെറ്റിൽമെന്റ് | ചാർജ്ജ് ചെയ്തു. CC 98/19 |
| 6. | 09/17 | ബേബി S/o സേവ്യർ കരളിക്കൽ വീട് വെള്ളാമക്കുത്ത് | 0.0104 | പീച്ചാട് | തുടരന്വേഷണം നടക്കുന്നു. |
| 7. | 06/18 | 1) മത്തായി പാലക്കാടൻ<br>2) റെജു S/o ജോൺസൺ, പാറശ്ശേരിയിൽ വീട് മുല്ലക്കാനം, കുളമാവ്<br>3) ജോർജ്ജ് S/o ഐസക്ക് എലഞ്ഞിക്കൽ പള്ളിക്കുന്ന് ഭാഗം ഉടുമ്പൻചോല<br>4) ഗോപാലൻ s/ീ നാഗൻ തുമ്പിപ്പാറക്കുടി<br>5) ബിജു S/o കൃഷ്ണൻ മച്ചിപ്ലാവ്കുടി<br>6) സൂര്യൻ S/o ചക്കൻ, ബഥേൽ വീട്, മച്ചിപ്ലാവ്കുടി<br>7) സജി S/o കൃഷ്ണൻ മച്ചിപ്ലാവ്കുടി<br>8) അഴകൻ S/oപുലൻ, മച്ചിപ്ലാവ്കുടി | | 1978 തേക്ക്, മുള പ്ലാന്റേഷൻ പെരിഞ്ചാംകുട്ടി | ചാർജ്ജ് ചെയ്തു CC 877/18 |
| 8. | 01/18 | രാജൻ S/o കണ്ണൻപിള്ള കുറത്തിക്കുടി സെറ്റിൽമെന്റ് | 0.0607 | കുറത്തിക്കുടി ട്രൈബൽ സെറ്റിൽമെന്റ് | കോമ്പൗണ്ട് ചെയ്യാൻ ലഭിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചു വരുന്നു. |

| | | | | | |
|---|---|---|---|---|---|
| 9. | 02/18 | 1) കരീം S/o ചിന്നവൻ, പെട്ടിമുടി സെറ്റിൽമെന്റ്<br>2) കെ.എ.ശ്രീകാന്ത S/o നാഗേന്ദ്രൻ, കൈപ്പപ്പറമ്പിൽ, പനമ്പുകാട് വല്ലാർപാടം<br>3) മിഥുൻ S/o മധു വലിയതെക്കേതിൽ മാപ്പാനിക്കുന്ന് അടിമാലി | 0.0050 | പെട്ടിമുടി സെറ്റിൽമെന്റ് | ചാർജ്ജ് ചെയ്തു. CC 297/19 |
| 10. | 01/19 | 1) വിജയൻ S/o രാജപ്പൻ, നൂറാങ്കര ട്രൈബൽ സെറ്റിൽമെന്റ്<br>2) രാമൻ അയ്യപ്പൻ S/o അയ്യപ്പൻ നൂറാങ്കര ട്രൈബൽ സെറ്റിൽമെന്റ്<br>3) പൂലാൻ S/o രാജു, നൂറാങ്കര ട്രൈബൽ സെറ്റിൽമെന്റ്<br>4) രാജേഷ് S/o രാജു, നൂറാങ്കര ട്രൈബൽ സെറ്റിൽമെന്റ്<br>5) ബിനു വിജയൻ S/o വിജയൻ നൂറാങ്കര ട്രൈബൽ സെറ്റിൽമെന്റ് | 4 | നൂറാങ്കര ട്രൈബൽ സെറ്റിൽമെന്റിന് സമീപം | കോമ്പൗണ്ട് ചെയ്യാൻ ലഭിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചു വരുന്നു. |
| 11. | 01/2020 | തങ്കച്ചൻ S/o ചക്കൻ തട്ടേക്കണ്ണൻ സെറ്റിൽമെന്റ് | 0.6070 | തട്ടേക്കണ്ണൻ ഭാഗം | കോമ്പൗണ്ട് ചെയ്യാൻ ലഭിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചു വരുന്നു. |
| 12. | 04/2020 | രാജു ജോൺ കൊച്ചുചാഴ്പാലത്ത്, മച്ചിപ്ലാവ് | 0.06144 | തട്ടേക്കണ്ണൻ ഭാഗം | തുടരന്വേഷണം നടക്കുന്നു. |
| 13. | 05/2020 | ബാബു അഴകൻ മച്ചിപ്ലാവ് സെറ്റിൽമെന്റ് | 0.2023 | ചാറ്റുപാറ ട്രൈബൽ സെറ്റിൽമെന്റിന് സമീപം | തുടരന്വേഷണം നടക്കുന്നു. |
| 14. | 06/2020 | പ്രതികൾ അന്വേഷണത്തിൽ | 0.1011 | ചാറ്റുപാറ | തുടരന്വേഷണം നടക്കുന്നു. |
| 15. | 07/2020 | പ്രതികൾ അന്വേഷണത്തിൽ | 10 | പ്ലാമല | തുടരന്വേഷണം നടക്കുന്നു. |
| 16. | 08/2020 | 1) വെള്ളച്ചൻകുട്ടി S/o വെള്ളാൻ പാറയ്ക്കൽ വീട് വേലിയാംപാറ കുടി<br>2) ബെന്നി S/o രാജു, കണ്ടത്തിൻകരയിൽ താളുംകണ്ടം കുടി<br>3) രവി S/o പൊന്നപ്പൻ, പാറയ്ക്കൽ വീട്, താളുംകണ്ടം | 0.809 | താളുംകണ്ടം നരകക്കുഴി | അന്വേഷണം അവസാനിച്ചിട്ടുള്ളതാണ്. |
| 17. | 09/2020 | പ്രതികൾ അന്വേഷണത്തിൽ | 0.0809 | മച്ചിപ്ലാവ് മോഡൽ സ്റ്റേഷൻ ഭാഗം | തുടരന്വേഷണം നടക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 18. | 10/2020 | 1) സിൻദേഷ് S/o കൃഷ്ണൻകുട്ടി ഒലിയറയ്ക്കൽ കുരങ്ങാട്ടി<br>2) രാജൻ S/o സുര്യൻ നെല്ലിപ്പാറ ട്രൈബൽ സെറ്റിൽമെന്റ് | 0.404 | നെല്ലിപ്പാറ ട്രൈബൽ സെറ്റിൽമെന്റ് | തുടരന്വേഷണം നടക്കുന്നു. |
| 19. | 13/2020 | ഔസേപ്പ് മറ്റ് വിവരങ്ങൾ അന്വേഷണ ത്തിൽ | 0.607 | കുരിശുപാറ അച്ചൻകാട് | തുടരന്വേഷണം നടക്കുന്നു. |
| 20. | 14/2020 | 1) വി.വി.ജോർജ്ജ് വാലത്ത് വീട് കരടിപ്പാറക്കര വട്ടമാൻ<br>2) ജോഷ്വ മാനേജർ പ്ലാമല | 6.07 | പ്ലാമല | തുടരന്വേഷണം നടക്കുന്നു. |
| നേര്യമംഗലം റെയിഞ്ച് | | | | | |
| 21. | 01/2017 | ജോർജ്ജ് S/o, തോമസ്, പുത്തൻപുരയ്ക്കൽ ഇഞ്ചിപ്പാറ, തലക്കോട് | 1.25 | ഇഞ്ചിപ്പാറ | കേസ് അന്വേഷ ണത്തിൽ. |
| 22. | 10/2019 | ബിനു S/o വാസു മോളേൽ വീട് അഞ്ചാംമൈൽ ട്രൈബൽ സെറ്റിൽമെന്റ് | 0.30 | അഞ്ചാംമൈൽ | ചാർജ്ജ് ഷീറ്റ് ബഹു. കോടതി മുമ്പാകെ സമർപ്പിച്ചു. |
| 23. | 11/2019 | | | | |
| 24. | 09/2020 | സതീഷ് S/o കുമാരൻ കണ്ടത്തിൻകര പിണവൂർകുടി ട്രൈബൽ സെറ്റിൽമെന്റ് | 0.30 | പിണവൂർക്കുടി | തുടരന്വേഷണ ത്തിൽ |